"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കൊല്ലം പുഷ്‌പോത്സവം 2024- സാമ്പത്തിക സഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

**G.O.(Rt)No.174/2024/TSM** തീയതി,തിരുവനന്തപുരം, **16-03-2024**

---

പരാമർശം:-

1. കടപ്പാക്കട സ്പോർട്സ് ക്ലബ് സെക്രട്ടറി സമർപ്പിച്ച 11.02.2024 ലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.03.2024 ലെ DOT/751/ 2024-എം1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കടപ്പാക്കട സ്പോർട്സ് ക്ലബ് ആന്റ് റീഡിംഗ് റൂമിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സാംസ്കാരിക പരിപാടികളുടെ ഭാഗമായി ഫെബ്രുവരി 9 മുതൽ 19 വരെ സംഘടിപ്പിക്കുന്ന കൊല്ലം പുഷ്‌പോത്സവത്തിന് സാമ്പത്തിക സഹായം അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കടപ്പാക്കട സ്പോർട്സ് ക്ലബ്ബ് ആന്റ് റീഡിംഗ് റൂം സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കടപ്പാക്കട സ്പോർട്സ് ക്ലബ് ആന്റ് റീഡിംഗ് റൂമിന്റെ ആഭിമുഖ്യത്തിൽ സാംസ്കാരിക പരിപാടികളുടെ ഭാഗമായി ഫെബ്രുവരി 9 മുതൽ 19 വരെ സംഘടിപ്പിച്ച കൊല്ലം പുഷ്‌പോത്സവം 2024 ന് 3452-80-104-99 “പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും പരിപോഷണവും "(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ₹25,000/-രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം)അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗസർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം കാട്ടാക്കട സ്പോർട്സ് ക്ലബ്ബ് ആന്റ് റീഡിംഗ് റൂം സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAGADEES.D**

**ADDITIONAL SECRETARY**

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 16-03-2024 21:22:12
സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്